## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 11 — 03.02.2020 ൽ മറുപടിക്ക്

## സെൻസസ്സ് നടപടികളുടെ ഭാഗമായുള്ള വിവര ശേഖരണം

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സെൻസസ്സ് നടപടികളുമായി പൂർണ്ണമായും സഹകരിക്കുമെങ്കിലും ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്ന ജോലി സംസ്ഥാനത്ത് നടത്തുകയോ അതുമായി സഹകരിക്കുകയോ ചെയ്യേണ്ടെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ്സ് കമ്മീഷണറെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സെൻസസ്സ് നടപടികളുടെ ഭാഗമായുള്ള വിവരം ശേഖരിക്കുന്ന ഫോമിലെ ഏതൊക്കെ ചോദ്യങ്ങൾക്ക് ഉത്തരം നൽകരുതെന്നാണ് സംസ്ഥാനത്തെ ജനങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി)<br>(ഡി)<br>&<br>(ഇ) | ജനസംഖ്യാ കണക്കെടുപ്പ് (Census) 2021-ഉം ദേശീയ ജനസംഖ്യാ പട്ടിക (NPR) പുതുക്കലും രണ്ടും പ്രത്യേക പ്രക്രിയകളും വെവേറെ ചോദ്യാവലികളുമാണ്. എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ആയത് കൊണ്ട് തന്നെ എൻ.പി.ആർ ചോദ്യാവലികളുമായി ഉദ്യോഗസ്ഥർ ജനങ്ങളെ സമീപിക്കുകയുമില്ല. ഇക്കാരണങ്ങൾ കൊണ്ട് തന്നെ സെൻസസ്സ് നടപടികൾക്കായുള്ള ചോദ്യാവലിയിൽ ഏതെങ്കിലും ഒഴിവാക്കുന്നതിനായി പ്രത്യേക നിർദ്ദേശം ജനങ്ങൾക്കോ ഉദ്യോഗസ്ഥർക്കോ നൽകേണ്ടതില്ലാ. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയകുഴപ്പം സൃഷ്ടിക്കാതിരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധചെലുത്തേണ്ടതാണ്. |
| (ഡി) | സെൻസസ്സ് രേഖകൾ ശേഖരിക്കുന്നത് സംസ്ഥാന സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ ആയതിനാൽ ജനങ്ങളോട് പ്രസ്തുത ചോദ്യങ്ങൾ ചോദിക്കേണ്ട എന്ന നിർദ്ദേശം നൽകുമോ; | | |
| (ഇ) | എൻ.പി.ആർ. സംബന്ധിച്ച ആശയക്കുഴപ്പവും സംശയവും ജനങ്ങളിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ സെൻസസ്സ് സംബന്ധിച്ച നടപടിക്രമങ്ങൾ തടസ്സരഹിതമായി നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുമോ? | | |

സെക്ഷൻ ഓഫീസർ